**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1947** **29-09-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള സ്ഥലമെടുപ്പ് നടപടി ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | 19.02.2025 ലെ സ.ഉ.(കൈ) നം. 45/2025/RD പ്രകാരം മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് നിർമ്മിക്കുന്നതിലേക്കായി മലപ്പുറം ജില്ലയിലെ എറനാട് താലൂക്കിലെ മലപ്പുറം വില്ലേജിലെ സർവ്വെ നം. 430/1A3 A1-ൽ പെട്ടതും മലപ്പുറം സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്നതുമായ 30 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിയും കൈവശാവകാശം മോട്ടാർ വാഹന വകുപ്പിന് കൈമാറിയും ഉത്തരവായിട്ടുണ്ട്. |
| (ബി) | സ്ഥലം ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വിശദമാക്കുമോ; തടസ്സങ്ങൾ ഉണ്ടെങ്കിൽ നിലവിലുള്ള കെട്ടിടം പൊളിച്ച് മാറ്റി പുതിയത് നിർമ്മിക്കുമോ; കെട്ടിടനിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ; | (ബി) | 19.02.2025 ലെ സ.ഉ.(കൈ) നം.45/2025/RD പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമായിട്ടുണ്ട്. സർക്കാരിൽ നിന്നും ഭരണാനുമതി അനുവദിക്കുന്ന മുറയ്ക്ക് കെട്ടിടം നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിക്കുന്നതാണ് |
| (സി) | ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയിട്ടും കെട്ടിടനിർമ്മാണ നടപടി അനന്തമായി നീണ്ടു പോകുന്നതിനുള്ള കാരണം എന്താണ്; ഇതിനെന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ അവ പരിഹരിക്കുവാൻ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടിയുടെ വിശദാംശം നൽകുമോ? | (സി) | മോട്ടോർ വാഹന വകുപ്പ് പുതിയ സബ് ഓഫീസുകൾ ആരംഭിക്കൽ 5055-05-050-196 എന്ന ശീർഷകത്തിൽ 2025-26 സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷം രൂപയാണ് ബജറ്റിൽ വകയിരുത്തിയിരുന്നത്.ഈ തുക കെട്ടി നിർമ്മാണ ചെലവുകളുടെ നിർവ്വഹണത്തിന് അപര്യാപ്തമായതിനാൽ 5055-00-800-91 റോഡ് സുരക്ഷ നടപടികൾ എന്ന ഹെഡിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്നും 7.25 കോടി രൂപ ഉപയോഗപ്പെടുത്തുവാനും ആയതിലേയ്ക്ക് re-appropriation proposal സമർപ്പിക്കുവാനും സർക്കാർ ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നല്കിയിരുന്നു. അതിൻറെ അടിസ്ഥാ നത്തിൽ മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് കെട്ടിട നിർമ്മാണം, ആർ.ടി.ഓ എൻഫോഴ്സ്മെന്റ് ഓഫീസ് കെട്ടിട നിർമ്മാണം എന്നിവയ്ക്ക് കേരളാ പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, തിരുവനന്തപുരം |

| | | | |
|---|---|---|---|
| | | | നിന്നും 7,98,43,300/- (ഏഴ്ര കോടി തൊണ്ണൂറ്റിയെട്ട് ലക്ഷത്തി നാൽപ്പത്തി മൂവായിരത്തി മുന്നൂറ് രൂ പ മാത്രം) രൂപയുടെ പുതുക്കിയ പ്ലാൻ എസ്റ്റിമേറ്റ് ഗതാഗത കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. അപ്രകാരമുള്ള തുക റോഡ് സുരക്ഷാ നടപടികൾ 5055-00-80 10-91 ബജറ്റ് വിഹിതം എന്ന ഹെഡിൽ നിന്നും അനുവദിച്ച് ഭരണാനുമതി നൽകുന്നത് സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ